2. മാരക രോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുന്നതിനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയ 2012 വർഷത്തിലും 2014 വർഷത്തിലും പൊതുജനങ്ങൾക്ക് സ്കീമിനെക്കുറിച്ച് അവബോധം ഉണ്ടാകുന്നതിനായി എല്ലാ മുഖ്യ വർത്തമാന പത്രങ്ങളിലും സർക്കാർ പരസ്യം നൽകിയിരുന്നു.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ www.kcdwfb.com എന്ന വെബ്സൈറ്റിൽ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാണ്. സഹകരണ വകുപ്പിന്റെ വെബ്സൈറ്റും ബോർഡിന്റെ വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ട്.

4. സ്കീം നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ബ്രോഷറുകളും ലഘുലേഖകളും നൽകിയിട്ടുണ്ട്.

5. പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ടി സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നവർക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(സി) വായ്പ എടുത്തശേഷം വായ്പക്കാരന് മാരകരോഗം ബാധിച്ച് വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരുന്ന കേസ്സുകളിൽ വായ്പാ മുതൽ ഇനത്തിൽ പരമാവധി 75,000-രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകാനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ ബാങ്ക് പ്രതിസന്ധി

82 (422) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ലോൺതുകയിൽ കടിശിക ഇനത്തിലുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾക്കായി 30-9-2014 തീയതിയിൽ പി. അയിഷാ പോറ്റി എം.എൽ.എ, ബഹു.സഹരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(ബി) ബാങ്കിൽ സെയിൽ ആഫീസർ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ബാങ്കിൽ ആരോപിക്കപ്പെട്ടുന്ന ക്രമക്കേടുകൾക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ; ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിക്ഷേപകർക്ക് പണം തിരികെ ലഭിക്കാത്തതും, കടിശ്ശിക ഇനത്തിലുള്ള വായ്പ തിരികെ ഈടാക്കുന്നതിനും സെയിൽ ആഫീസറെ നിയമിക്കുന്ന വിഷയത്തിലും തീരുമാനമായിട്ടില്ല എന്നും പരാമർശിച്ച് സർക്കാരിൽ നിവേദനം ലഭിക്കുകയുണ്ടായി. നിക്ഷേപ ഇനത്തിൽ നല്കാനുള്ള 14.67 കോടി രൂപ (2012-13 ആഡിറ്റ് പ്രകാരം) തിരികെ നല്കുന്നതിന് വായ്പ ഇനത്തിൽ നൽകിയിട്ടുള്ള തുക തിരികെ ഈടാക്കിയെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. സെയിൽ ആഫീസർ തലത്തിൽ കടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ആർബിട്രേഷൻ എക്സിക്യൂഷൻ ഇൻസ്പെക്ടർ ആണ് സെയിൽ ജോലികൾ നിർവ്വഹിച്ചു വരുന്നത്.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിന്മേൽ നടപടി സ്വീകരിച്ചതിന്റെ പുരോഗതിയും തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും 5-11-2014-ൽ സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം വിളിച്ചുചേർത്ത ഉദ്യോഗസ്ഥതല യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ബാങ്കിന്റെ ഭരണസമിതി യോഗം 26-11-2014-ൽ ജോയിന്റ് രജിസ്ട്രാർ വിളിച്ചുചേർക്കുകയും യോഗത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ ഭരണസമിതിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പുരോഗതി യഥാസമയം വിലയിരുത്തുകയും വീഴ്ചയുണ്ടായാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാങ്കിന്റെമാത്രമായി സെയിൽ ആഫീസറെ നിയമിച്ചിട്ടില്ല. കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആർബിട്രേഷൻ & എക്സിക്യൂഷൻ ഇൻസ്പെക്ടറാണ് ആർബിട്രേഷൻ & എക്സിക്യൂഷൻ നടപടികൾ കൈകാര്യം ചെയ്യുന്നത്.

(സി) ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുകയും ഭരണസമിതിയെ നീക്കംചെയ്യുകയും പുതുതായി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ ബാധ്യത തിട്ടപ്പെടുത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ മുൻ സെക്രട്ടറി ശ്രീ. വിജയകുമാറിൽനിന്നും 90,87,154.82-രൂപയും മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ നായരിൽനിന്നും 24,530-രൂപയും ഈടാക്കിയെടുക്കുന്നതിന് സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവായിട്ടുള്ളതാണ്.

ഇതുകൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയകുമാറിനെതിരെ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 913/2013 നമ്പരായി ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള തുകകൾക്കുപുറമെ 2011-12 വർഷത്തെ ആഡിറ്റ് ന്യൂനതകൾ സംബന്ധിച്ച് സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ. വിജയകുമാറിൽനിന്നും 35,15,340- രൂപ ഈടാക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടിൻമേൽ ഐ.പി.സി. 403 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് കൊട്ടാരക്കര റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് സ്പെഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അപേക്ഷ നല്കിയിട്ടുണ്ട്. സംഘത്തിന് നഷ്ടമായിട്ടുള്ള തുകകൾ ഈടാക്കുന്നതിന് സാധ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നടന്ന യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly